# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി)
# സംസ്ഥാന പ്രവർത്തക സമിതി യോഗം SWC 04/2020
# 28.05.2020 സൂം മീറ്റിങ്ങ്

## മിനിട്സ്

**അജണ്ട**

1. അനുശോചനം
2. ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിങ്
3. പൊതുസ്ഥലം മാറ്റം
4. ഓൺലൈൻ ക്ലാസ്
5. പ്രിൻസിപ്പൽ നിയമനം
6. പി.ജി. വെയിറ്റേജ്
7. കോവിഡ് ഫണ്ട്
8. മറ്റ് കാര്യങ്ങൽ

വൈകിട്ട് 5 മണിക്ക് ഓൺലൈൻ വഴി ചേർന്ന യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എം. സത്യൻ അധ്യക്ഷത വഹിച്ചു.

**ഹാജർ**

ഡോ. എം. സത്യൻ, ഡോ. എൻ. മനോജ്, ഡോ. ഗീത നമ്പിയാർ എം. കെ., ഡോ. ഇമ്പിച്ചിക്കോയ കൗട്യമാക്കനകം, ഡോ. വിനു ഭാസ്ക്കർ, ഡോ. മുഹമ്മദ് റഫീഖ്, ഡോ. ചന്ദ്രമോഹൻ കെ. ടി., ഡോ. പ്രിൻസ് പി. ആർ., ഡോ. സുനിൽ വി. ടി., ശ്രീമതി സൗമ്യ എസ്, ഡോ. സുനിത എ. പി., ഡോ. ആലിക്കുട്ടി സി., ഡോ. ഷാനവാസ് പി. എച്, ശ്രീ. ശശി സി. ടി., ഡോ. ബേബി ഷീബ, ശ്രീ. സജിത്ത് കുമാർ പി., ഡോ. പ്രമോദ് സി., ശ്രീ. സോബിൻ വർഗീസ്, ഡോ. ജോജോമോൻ എൻ. എ., ഡോ. എം. എസ്. മുരളി, ശ്രീ. രഞ്ജിത് മോഹൻ, ഡോ. അനൂപ് ജെ. ആലക്കപ്പള്ളി, ഡോ. എ. ബാലകൃഷ്ണൻ, ഡോ. ആനന്ദ് ദിലീപ് രാജ്, ഡോ. വിഷ്ണു വി.എസ്., ഡോ. റോസ്നികസ് പി. കെ., ഡോ. എം. എ. അസ്കർ, ഡോ. സെനോ ജോസ്, ഡോ. സുമിജോയി ഒലിയപ്പുറം, ഡോ. ബി. ഉണ്ണികൃഷ്ണൻ നായർ, ഡോ. റിജുലാൽ ജി., ഡോ. രാജു. എം. സി, ഡോ. പ്രഗാഷ് ആർ

**അനുശോചനം**

കോവിഡ് മഹാമാരിയിൽ അകപ്പെട്ട് നമ്മെ വിട്ടു പിരിഞ്ഞ അനേകായിരം മനുഷ്യർ, ആരോഗ്യ പ്രവർത്തകർ, ഇക്കാലയളവിൽ മരണപ്പെട്ട കലാ, സാംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പ്രമുഖ വ്യക്തിത്വങ്ങൾ തുടങ്ങിയവരുടെ നിര്യാണത്തിൽ കമ്മറ്റി അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സർക്കാർ കോളേജ് അദ്ധ്യാപകരുടെ മേഖലയിൽ നിലവിൽ ഉണ്ടായിരുന്ന പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ചു രണ്ടു തവണ ഹോം സ്റ്റേഷൻ മാറ്റാമായിരുന്നു. ഇത് എടുത്തു കളഞ്ഞു ഒരു തവണ മാത്രം ഹോം സ്റ്റേഷൻ മാറ്റാം എന്ന രീതിയിലാണ് സ്ഥാലംമാറ്റത്തിനുള്ള സർക്കുലർ പുറപ്പെടുവിച്ചത്. ആ സമയത്തു തന്നെ സംഘടന ഡയറക്ടർക്കു പരാതി നൽകിയിരുന്നു. എന്നാൽ ഡയറക്ടർ അതിൽ കാര്യമായ നടപടി എടുത്തില്ല.അതിനു ശേഷം മാർച്ച് 12നു സംഘടന ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീലിന് ഇത് സംബന്ധിച്ചു പരാതി നൽകി. സംഘടനയുടെ പരാതിയിൻമേൽ നിലവിൽ ഇത് സംബന്ധിച്ചു സംഘടനകളുമായി ചർച്ച നടക്കാത്തതിനാൽ സ്റ്റാറ്റസ്കോ മെയിന്റയിൻ ചെയ്യാൻ മന്ത്രി ഉത്തരവിട്ടിരുന്നു. എന്നാൽ ഈ ഉത്തരവ് നാളിതു വരെ നടപ്പാക്കുകയുണ്ടായില്ല. ആയതിനാൽ ഇതനുസരിച്ചു വേണം ട്രാൻസ്ഫർ നടപടികളുമായി മുന്നോട്ടു പോകാൻ എന്ന് സംഘടന വീണ്ടും ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്കു കത്ത് നല്കിട്ടിട്ടുണ്ട്.

ഓൺലൈൻ ക്ലാസ് സംബന്ധിച്ചു സംഘടനയുടെ നിലപാട് ഇപ്രകാരമാണ്. ഇത് കോവിടിന്റെ പശ്ചാത്തലത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിശ്ചലാവസ്ഥ ഒഴിവാക്കാൻ വേണ്ടി മാത്രമാണ് നാം ഇതിനെ കാണുന്നത്. സമയമാറ്റം നാം ഒരു രീതിയിലും അനുകൂലിക്കുന്നില്ല. എന്നാൽ ഈ പ്രത്യേക സാഹചര്യത്തിൽ നാം ഇതിനോട് സഹകരിക്കും. പക്ഷെ റെഗുലർ ക്ലാസുകൾ തുടങ്ങുന്ന സമയത്തു 9:30-3:30/10:00-4:00 എന്ന സമയക്രമം ആവും നമ്മൾ അനുകൂലിക്കുക. ഇത് സംബന്ധിച്ച നമ്മുടെ കൃത്യമായ വിയോജിപ്പു ഉന്നതവിദ്യാഭ്യാസ മന്ത്രിയുമായി നടത്തിയ ചർച്ചയിൽ സംഘടന രേഖപെടുത്തുകയുണ്ടായി.

പി.ജി.വെയിറ്റേജ് സംബന്ധിച്ചുള്ള 01-04-2020ന്റെ ഉത്തരവ് വേണ്ട കൂടിയാലോചനകൾക്കു ശേഷം മാത്രമേ നടിപ്പിലാക്കാൻ പാടുള്ളൂ. അതുവരെ ആ ഉത്തരവ് മരവിപ്പിക്കണം എന്ന നിലപാട് ഇതുമായി ബന്ധപ്പെട്ട അധികാരികളെ സംഘടന അറിയിച്ചിട്ടുണ്ട്.

പ്രിൻസിപ്പൽ നിയമനം പഴയതു പോലെ സീനിയോരിറ്റി അനുസരിച്ചു ഡി.പി.സി. കൂടി നടത്തണം എന്നുള്ളതാണ് സംഘടനയുടെ നിലപാട്. ഇതിനു വേണ്ടിയുള്ള നിരന്തരമായ ഇടപെടലുകൾ മുഖ്യമന്ത്രി, ഉന്നതവിദ്യാഭ്യാസവകുപ്പു മന്ത്രി, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുടെ അടുത്ത് സംഘടന നടത്തി വരുന്നു.

നമ്മൾ അംഗങ്ങളിൽ നിന്നും സമാഹരിച്ച ഇരുപത് ലക്ഷം രൂപയും നമ്മുടെ അംഗവും തിരുവനന്തപുരം ഡപ്യൂട്ടി ഡയറക്ടർ സ്ഥാനത്ത് നിന്നും ഈ മാസം വിരമിക്കുന്ന ഡോ.സി.കെ സതീഷ് സാർ സംഘടനയിലൂടെ നൽകാൻ ഏൽപ്പിച്ച ഒരു ലക്ഷത്തി ഇരുപതിനായിരം രൂപയും ചേർത്ത് മൊത്തം ഇരുപത്തി ഒന്ന് ലക്ഷത്തി ഇരുപതിനായിരം രൂപാ ഇന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. കെ. ടി. ജലീലിന് കൈമാറി. ഇതിനായി സഹകരിച്ച മുഴുവൻ പ്രവർത്തകരേയും അഭിവാദ്യം ചെയ്യുന്നു.

തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. പൊതുസ്ഥലമാറ്റത്തിലെ രണ്ടു തവണ ഹോം സ്റ്റേഷൻ മാറ്റാം എന്നത് നേടിയെടുക്കുന്നതിന് വേണ്ടി വീണ്ടും ഉന്നതവിദ്യാഭ്യാസവകുപ്പ് മന്ത്രിക്കു കത്ത് നല്കാൻ തീരുമാനിച്ചു.
2. ഓൺലൈൻ ക്ലാസ്സുകളുമായി ബന്ധപെട്ടു നമ്മൾ സഹകരിക്കാനും. എന്നാൽ ഇതുമായി ബന്ധപെട്ടു അദ്ധ്യാപകർക്ക് ഉണ്ടാകുന്ന പരാതികൾ സംഘടനാ സംവിധാനം ഉപയോഗിച്ച് പരിഹരിക്കാനുള്ള തീരുമാനം എടുത്തു.
3. പി.ജി. വെയിറ്റേജ്, പ്രിൻസിപ്പൽ നിയമനം തുടങ്ങിയ വിഷയങ്ങളിൽ സംഘടന തുടർന്നും സജീവമായ അദ്ധ്യാപകർക്ക് അനുകൂലമായ ഇടപെടലുകൾ നടത്താൻ തീരുമാനിച്ചു.

യോഗം വൈകിട്ട് ഏഴു മണിക്ക് അവസാനിച്ചു

അഭിവാദ്യങ്ങളോടെ

ഡോ. എൻ. മനോജ്
ജനറൽ സെക്രട്ടറി

28.05.2020